# നനഞ്ഞ് ഇല്ലാതാകുന്ന കല്യാണി

വിചിത്രമായ ഒരു കൊലപാതക വാർത്ത വായിക്കുകയായിരുന്നു കല്യാണി. എട്ട് കൊലപാതകം അതും തിമിർത്ത് പെയ്യുന്ന് മഴയത്ത്!!. പത്ര വാർത്ത ഉറക്കെ വായിച്ച ശേഷം അവൾ എന്നെ നോക്കി ചിരിച്ചു.

ക്യാൻവാസിൽ ഒരു മഴ ചിത്രം രൂപമെടുക്കുകയായിരുന്നു. നീലയും വെളുപ്പും കലർന്ന്..രാത്രിയിലെ മഴയ്ക്കാണൊ ഭാവംകൂടുതൽ അതൊ രാവിലേയോ.ന്ന് ആലോചിച്ച് പകുതി ചിരിയോടെ  ചോദിച്ചു..

”നിനക്കെന്നെ പേടിയാണൊ കല്യാണി .. ഞാനീ പെരുമഴയിങ്ങനെ നനയുമ്പോൾ!!   മഴ ..അത് എന്ത് സുഖമാണെന്നറിയാമോ നിനക്ക്.. നീ വായിച്ച പത്ര വാർത്ത ശരിയാകും ചിലപ്പോൾ.. എല്ലാ തെളിവുകളും മായ്ക്കുന്ന് മഴ..”അർദ്ധോക്തിയിൽ ഞാൻ നിർത്തി.

എന്റെ സംസാരം അവളിൽ ഭീതി പരത്തിയോന്ന് സംശയിച്ച് കൊണ്ടിരിക്കെ കളിയായ് അവൾ പറഞ്ഞു

“..ന്നെ കൊന്നാൽ ഞാനും കൊല്ലും.. അത് തീർച്ച.  നിന്നെ അങ്ങിനെ ആരുടെ കൂടെയും ജീവിക്കാൻ ഞാൻ സമ്മതിക്കില്ല”

ചിത്രപ്രദർശനങ്ങളിൽ മഴ ചിത്രം വാങ്ങാൻ വന്ന ഒരു മദാമ്മയെ ഞാനൊന്ന് തൊട്ടുന്ന് പറഞ്ഞ് അടുക്കളയിലെ കപ്പും പാത്രങ്ങളും എറിഞ്ഞു പൊട്ടിച്ചതും പോരാഞ്ഞ് പെണ്കുട്ടികളുടെ നിറഞ്ഞ ഭാഗങ്ങളില് ആവശ്യമില്ലാതെ കണ്ണുകൾ പൂഴ്ത്തുന്നുവെന്നും പറഞ്ഞ് വഴക്കിട്ട് മിണ്ടാതിരുന്നതും കല്യാണി തന്നെയാണ്.

വരച്ച് പകുതിയിൽ നിർത്തിയപ്പോൾ കല്യാണി ചുമലിൽ തട്ടി. പിന്നെ സ്വകാര്യം പോലെ പറഞ്ഞു

തിമർക്കുന്ന് മഴയിൽ ഒരാളെ കൊന്നാൽ ഒരു പൂച്ച കുഞ്ഞു പോലുമറിയില്ല അല്ലേ ശ്യാം..“
അവളുടെ അപ്പോഴത്തെ ഭാവം കണ്ട് ഞാനുമൊന്ന് ഞെട്ടി.  പിന്നെ പറഞ്ഞു.

“ഞാനാലോചിക്കുന്നത് സുഗതകുമാരി ടീച്ചർ രാത്രി മഴയൊക്കെ എഴുതിയതും പിന്നെ ഈ കൊലപാതകവും വച്ച് നല്ലൊരു സിനിമാക്കഥയ്ക്ക് സ്കോപ്പുണ്ടല്ലോന്നാണ്..”

അവളുടെ മുഖം അത്ര പ്രസന്നമൊന്നുമായിരുന്നില്ല എന്തു കൊണ്ടോ..അതു കൊണ്ട് തന്നെ കൈ കഴുകി അവളേയും ചേർത്ത് പിടിച്ചാണ് അടുക്കളയിലേക്ക് നടന്നത്.

“ശ്യാം മഴയുടെ ശബ്ദം പലപ്പോഴും നമ്മോട് പലതും പറയുന്നുണ്ടല്ലോന്ന് നീ ആലോചിച്ചിട്ടുണ്ടോ.. ഒരു പക്ഷെ ഏതോ ഒരു കൊലപാതകത്തിന്റെ ആരുമറിയാത്ത കഥയാണെങ്കിലോ..”

അവളുടെ ചന്തിക്കൊരു അടി വച്ച് കൊടുത്ത് “ നല്ല വിശപ്പ് നീ  ചോറെടുക്കെന്റെ കുഞ്ഞേ”  ന്ന് ദേഷ്യം കാണിച്ചു.

ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അവൾ വീണ്ടും പറഞ്ഞു തുടങ്ങി.

“നീ ഇനിയും മഴ ചിത്രങ്ങളുണ്ടാക്കിയാൽ ഞാനതല്ലാം മെടുത്ത് കത്തിച്ചു കളയും.

“ചതിക്കല്ലേ കരളേ.. ഇത് വിറ്റ് കിട്ടുന്ന കാശ് കൊണ്ട് വേണം നമുക്കൊന്ന് ചുറ്റിയടിക്കാൻ ഇത്തവണ. എവിടെ പോകണമെന്ന് നീ തന്നെ പറഞ്ഞാൽ മതി. പിന്നെ ഈ മഴ ചിത്രങ്ങൾ…നിന്റെ ഈ മഴപ്പേടി മാറ്റാൻ കൂടിയല്ലേ ഞാനിത്രേം പെരും  മഴകൾ വരച്ച് കൂട്ടുന്നത്”

കല്യാണി പാത്രത്തിൽ കൈ കുടഞ്ഞു. അറിയാതെ നാക്കിൽ കടിച്ചതു കാരണം നാക്കിൻ തുമ്പത്ത് ചോര പൊടിഞ്ഞു. വായ കഴുകി അവൾ തിരിച്ച് വന്നു.

“ മഴയ്ക്ക് നീ വരയ്ക്കുന്ന അത്രേം സൌന്ദര്യമൊന്നുമില്ല”

“ഓ പിന്നേ… മഴ വരുമ്പോൾ കട്ടിലിൽ പുതച്ച് മൂടികിടക്കുന്ന നിനക്ക് എങ്ങിനെ മഴയുടെ സൌന്ദര്യം കാണാൻ കഴിയും?” ഞാന് വെറുതെ അവളെ വാശിപിടിപ്പിക്കാൻ പറഞ്ഞു.

കുട്ടിക്കാലത്തേയുള്ള മഴപ്പേടി മനസ്സിലിട്ട് വളർത്തുകയായിരുന്നു കല്യാണി. അവളുടെ അച്ഛനും അമ്മയും ഒരു കാർ ആക്സിഡന്റിൽ മരിച്ചതിനു ശേഷമാകണം ഒരു പക്ഷെ അവൾക്കിത്രയും മഴപ്പേടിയെന്ന് ശ്യാം മനസ്സിൽ ഓർക്കാതിരുന്നില്ല.  കല്യാണിയെ പരിചയപ്പെടുന്നതിനു മുമ്പൊന്നും എന്റെ ചിത്രങ്ങളിലോ കഥകളിലോ ഇത്രയും മഴ സാന്നിദ്ധ്യം ഉണ്ടായിരുന്നതേയില്ല.

ആദ്യ രാത്രിയിൽ കോരി ചൊരിയുന്ന മഴയുടെ ശബ്ദം കേട്ട് പേടിച്ച് വിറയ്ക്കുന്നത് കണ്ട് ചിരി  വന്നിട്ടുണ്ട്. ആദ്യമായി മഴയെ പേടിച്ചത് വയസ്സറിയിച്ചപ്പോഴാണെന്ന് അന്നവൾ പറഞ്ഞു. സ്കൂളിൽ പോയി വരുമ്പോൾ മഴ കോരിചൊരിഞ്ഞതും പാടവരമ്പത്തു നിന്ന് ചളിയില് വീണതും പിന്നെ വീട്ടിലെത്തിയപ്പോൾ അമ്മയുടെ വഴക്ക് , ശകാരം. വല്യ പെണ്ണായീന്ന ബോധമില്ലെന്ന് കുറ്റപ്പെടുത്തുന്നതൊക്കെയും ആ മഴയത്ത് കണ്ണീരോടെ കേട്ടിരുന്നു. മുറിയുടെ മൂലയിൽ ഇരിക്കുമ്പോൾ ഇറയിൽ നിന്ന് വെള്ളം ശക്തമായി കുത്തിയൊലിക്കുന്നുണ്ടായിരുന്നു. ശരീരവേദനയോടെയുള്ള ആ ദിവസങ്ങളിൽ എന്തേ ഇത്രയും മഴയെന്ന് ആധി പിടിച്ച് എല്ലാറ്റിനേയും ശപിച്ച് തുടങ്ങിയ ആ ദിവസം ..ഒരു പക്ഷെ  പേടിയുടെ തുടക്കം അവിടെ നിന്നായിരിക്കണം.

പിന്നീടൊരിക്കൽ തോട് മുറിച്ച് കടക്കാനൊരുങ്ങുമ്പോഴാണ് കർക്കിടകത്തിലെ തൊട്ടാൽ പൊട്ടുന്ന മഴ ഇടിയും മിന്നലുമായി വന്നത്. പേടിച്ച് ഓടാൻ തുടങ്ങിയപ്പോഴേക്കും ശരീരം നിറയെ വെള്ളത്തുള്ളികൾ പൊതിഞ്ഞു കഴിഞ്ഞിരുന്നു.. സ്കൂള് വിട്ട് വരുന്ന കൂട്ടുകാരിൽ അവസാനം തട്ടാൻ ഭാസ്കരന്റെ മോനും കല്യാണിയും മാത്രമാകും വീടെത്തുന്നവർ. അന്നും കൂടെ അവൻ ഉണ്ടായിരുന്നു.  തട്ടാൻ ഭാസ്കരന്റെ മോൻ പുറകിൽ നിന്ന് കഴുത്തിലൂടെ കൈയ്യിട്ട് അവളുടെ മുലകളിൽ പിടിക്കുകയും മുഖം കവിളലമർത്തുകയും ചെയ്യാൻ തുടങ്ങിയപ്പോൾ കണ്ണ് പൊട്ടുന്ന ഒരു വെള്ളി വെളിച്ചവും ഒപ്പം ഒരു ഇടി ശംബ്ദവും. പിന്നെ വീടെത്തിയതു പോലും കല്യാണിക്ക് ഓർമ്മയുണ്ടായിരുന്നില്ല്.

ഈ കഥകൾ കേട്ട ശേഷം കല്യാണിയുടെ അടുത്തിരിക്കുമ്പോൾ മഴ വിഷയമാവാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു. എന്നിട്ടും അത് മനസിലാക്കിയിട്ടെന്നോണം ഒരിക്കലവൾ പറഞ്ഞു
“ഈ മഴയ്ക്ക് എന്തൊരു സുഗന്ധാ ല്ലെ ശ്യാം..പുതുമണ്ണിൽ വെള്ളം വീഴുമ്പോഴുണ്ടാകുന്ന മണം,  ചറ പറ പെയ്യുന്ന മഴകല്ലുകൾ…ഓടുകളൊക്കെ തകർന്നു പോകുമെന്ന് തോന്നിപ്പിക്കും..ഹൊ.. എന്നാലും എനിക്ക് പേടിയൊന്നുമില്ലാട്ടോ…”

രാത്രി കിടക്കാൻ നേരം പതിവു ഗുളിക കഴിച്ച് അവൾ അടുത്തു വന്നിരുന്നപ്പോൾ ഗർഭിണിയായ പൂച്ച പതിയെ കരഞ്ഞു കൊണ്ട് അവളുടെ കാലുകളിൽ മുഖം കൊണ്ട് ഉരയ്ക്കാൻ തുടങ്ങി.

“കണ്ട ചെക്കാന്മാരോടൊന്നും കൂട്ടുകൂടരുതെന്ന് എത്ര തവണ പറഞ്ഞതാ...”
അവൾ വെറുതെ പൂച്ചയെ ശാസിച്ചു. പെട്ടെന്ന് ജനൽ പാളിയെ തൊട്ടു കൊണ്ടൊരു തണുത്ത കാറ്റും ഓടിന്മുകളിൽ ചരൽ കല്ലുകൾ പോലെ മഴ തകർക്കാനും തുടങ്ങി. ഇടി ശബ്ദം കേട്ടതു കൊണ്ടാവണം പൂച്ച കട്ടിലിനടിയിലേക്ക് ഒരു ചെറിയ ശബ്ദത്തോടെ വലിഞ്ഞു കയറി. അടുത്ത ക്ഷണം കല്യാണി കാൽ മുട്ടിൽ മുഖമമർത്തി എന്തിനെന്നറിയാതെ നിശ്ശബ്ദം കരയാൻ തുടങ്ങി. പുറം തിരഞ്ഞു കിടക്കുന്ന എന്റെ ചുമലിൽ മുഖമമർത്തിയപ്പോഴാണ് അവൾ കരയുകയാണെന്ന് മനസ്സിലായത്.

ശ്യാം. നമുക്കീ മഴയത്ത് ഇറങ്ങി നനഞ്ഞാലോ..കട്ടിലിനടിയിൽ നിന്ന് പൂച്ച കരഞ്ഞു കൊണ്ടിരുന്നപ്പോൾ കല്യാണിയുടെ മുഖം ചുവക്കാൻ തുടങ്ങി.

“ഈ രാത്രിയിലാണൊ മഴ നനയുന്നത്. നാളെ ഓഫീസിൽ പോകേണ്ടതല്ലേ...” ഞാൻ അവിശ്വസനീയതയോടെ പറഞ്ഞു.

“ശ്യാം...“ അവൾ എന്തോ പറയാൻ തുനിഞ്ഞു. പിന്നെ ഒന്നും പറയാതെ എന്റെ നെഞ്ചിൽ കൈവിരലുകൾ ചേർത്ത് വച്ച് മുഖം കുനിച്ച്..

“നമുക്ക് ഈ മഴ മുഴുവന് നനഞ്ഞാലോ ശ്യാം...”. അവള് തീർത്തും കരയുക തന്നെയായിരുന്നു.

എനിക്ക് അത്ഭുതവും സങ്കടവും വന്നു . മഴയും ഇടിയും മിന്നലും പേടിക്കുന്ന കല്യാണി

മഴ നനയാൻ വാശിപിടിക്കുമ്പോൾ അവളുടെ മുഖം ചുവന്ന് തുടുക്കുന്നുണ്ടായിരുന്നു.
രണ്ടാഴ്ചയ്ക്ക് മുമ്പുള്ള മഴയത്താണ് ഈ പൂച്ച അവിടെ അപ്പുറത്തെ വീട്ടിലെ ചളിയിൽ

കിടന്നുരുണ്ട് പിരണ്ട്..കണ്ടന് പൂച്ചയുമായി ഒരു യുദ്ധം പങ്കുവയ്ക്കുന്നത് കല്യാണി കണ്ടത്. ദിവസങ്ങള് കഴിയുമ്പോള് അവരുതമ്മിലുള്ള ബന്ധങ്ങളിലെ ഊഷ്മളത ഇടയ്ക്കിടെ ഭക്ഷണ വേളയിലും കിടപ്പറയിലും കല്യാണി പറയുക ശീലമാക്കുകയും ചെയ്തിരുന്നു.

കരച്ചില് മുട്ടി അവൾക്ക് ശ്വാസം കിട്ടാതെയായി പിന്നെ അയാളെ അമർത്തി ചുംബിക്കാൻ തുടങ്ങി.

“ശ്യാം നമുക്കും ഈ മഴയത്ത്.. “ പൂർത്തിയാക്കാൻ കാത്തുനിൽക്കാതെ അരിച്ചു കയറിയ മഴയുടെ ഇഴയടുപ്പിലേക്ക്.. തണുപ്പിലേക്ക്, ചളിവെള്ളത്തിൽ രണ്ട പൂച്ചകളെ പോലെ ഒരു കിതപ്പിനായ് അവർ കാത്തു നിന്നു.

---

**രാജു ഇരിങ്ങൽ**
**ബഹറൈൻ,** komath.iringal@gmail.com
+973 33892037